
ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ




**ഡോ. തോമസ് സ്കറിയ**

Published: 10 December 2024 സിദ്ധാന്ത വിമർശനം

# അർത്ഥത്തിന്റെ അനന്തലീലയും അർത്ഥനിർമ്മാണത്തിന്റെ അനിവാര്യതയും - അപനിർമ്മാണം വിമർശിക്കപ്പെടുമ്പോൾ

സങ്കീർണ്ണവും പലപ്പോഴും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായ ഒരു കൂട്ടം ആശയങ്ങൾ, സങ്കൽപനങ്ങൾ, പ്രയോഗങ്ങൾ എന്നിവയെ ചൂണ്ടിക്കാണിക്കുന്ന ഒരു സൂചകമാണ് അപനിർമ്മാണം. ഴാക്ക് ദെറിദ, ഇത് ഒരു 'സിദ്ധാന്തം' അല്ല, മറിച്ച് ഒരു കൂട്ടം തന്ത്രങ്ങളോ വായനയുടെ രീതികളോ ആണെന്ന് പറയുകയുണ്ടായി. പാശ്ചാത്യ ദാർശനികാശയങ്ങളുടെ ചരിത്രവിശകലനത്തിൽ നിന്നാണ് ദെറിദയും അപനിർമ്മാണവും

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

വരുന്നതെന്നു മേരി ക്ലേജസ് വ്യക്തമാക്കുന്നു. മാനവികതയുടെ ദാർശനിക അടിത്തറയായ നിരവധി സൂത്രവാക്യങ്ങൾക്ക് ഒരു വിമർശനവും ബദലും അപനിർമ്മാണം വാഗ്ദാനം ചെയ്യുന്നുവെന്നും അവർ അഭിപ്രായപ്പെടുന്നു. ഘടനാവാദം വിശകലനത്തിന്റെ കേന്ദ്രത്തിൽ നിന്ന് എല്ലാത്തിനും കാരണവും അവലംബവും എന്ന നിലയിലുള്ള 'മനുഷ്യനെ' പുറത്താക്കി. പകരം ഘടന ഏത് അന്വേഷണത്തിലും പ്രധാനപ്പെട്ട ഒരു ഘടകമായി മാറുന്നു, കാരണം ഘടന അതിനുള്ളിലെ എല്ലാ ഘടകങ്ങളും എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കുന്നു. ദെറിദ ഈ ആശയം എടുത്ത് പാശ്ചാത്യ തത്ത്വചിന്തയിൽ പ്രയോഗിക്കുന്നു. എല്ലാ ദാർശനിക പദ്ധതിയും മനസ്സ്, ഞാൻ, ലോകം എന്നിവ തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കാനുള്ള ഓരോ പരിശ്രമങ്ങളായിരുന്നു. ഓരോ ശ്രമവും അന്വേഷണത്തിന്റെ കേന്ദ്രത്തിൽ ഓരോ കേന്ദ്രത്തെ പ്രതിഷ്ഠിച്ചതായി അദ്ദേഹം പറയുന്നു. ചില ദാർശനിക വ്യവസ്ഥകളിൽ കേന്ദ്രം ദൈവസങ്കൽപ്പമാണ്. മറ്റു ചിലതിൽ അത് മനുഷ്യ മനസ്സ്, അല്ലെങ്കിൽ അബോധമാണ്. അത് നിങ്ങൾ ആരുടെ പദ്ധതിയെക്കുറിച്ചാണ് പറയുന്നത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

അപനിർമ്മാണം ഘടനാവാദത്തിലേക്ക് ചേർക്കുന്ന ആദ്യത്തെ കാര്യം എല്ലാ ഘടനകൾക്കും ഒരു കേന്ദ്രം ഉണ്ടായിരിക്കുമെന്നതാണ്.ഒരു ഘടനയ്ക്കുള്ളിലെ ഘടകങ്ങൾ ദ്വന്ദ്വ യുഗ്മങ്ങളിലോ വിരുദ്ധങ്ങളിലോ ഒന്നിച്ചു ചേരാൻ പ്രവണത കാണിക്കുന്നു എന്ന ലെവി-സ്ട്രോസിന്റെ ഉൾക്കാഴ്ചയിൽ നിന്നാണ് അപനിർമ്മാണം ഉന്നയിക്കുന്ന രണ്ടാമത്തെ കാര്യം വരുന്നത്. പരസ്പരം ഏതെങ്കിലും തരത്തിലുള്ള ബന്ധത്തിൽ സ്ഥാപിച്ചിരിക്കുന്ന രണ്ട് പദങ്ങൾ അടങ്ങുന്ന യുഗ്മങ്ങൾ എന്നു പറയാം. അത്തരം ഘടനകൾക്കുള്ളിൽ ദ്വന്ദ്വയുഗ്മങ്ങളിൽ, യുഗ്മത്തിന്റെ ഒരു ഭാഗത്തിന് എല്ലായ്പ്പോഴും ഉയർന്ന സാംസ്കാരിക മൂല്യം നൽകും, ഒന്ന് പോസിറ്റീവ് ആയും മറ്റൊന്ന് നെഗറ്റീവ് ആയും അടയാളപ്പെടുത്തുന്നു. അതിനാൽ പാശ്ചാത്യ തത്ത്വചിന്തയിൽ, നമുക്ക് നന്മ / തിന്മ പോലുള്ള യുഗ്മങ്ങൾ ലഭിക്കുന്നു. അവിടെ നന്മ തിന്മയെക്കാൾ നല്ലതാണ്. ഒരാൾക്ക് എത്ര വിപരീതദ്വന്ദ്വങ്ങളും പട്ടികപ്പെടുത്താനാകുമെന്ന് നമുക്കു കാണാനാകും. പട്ടികയുടെ ദൈർഘ്യം അതിന്റെ പ്രസക്തി വ്യക്തമാക്കുന്നു. ലോകത്തെക്കുറിച്ച് നമ്മൾ ചിന്തിക്കുന്ന മിക്ക വഴികളും വിപരീതദ്വന്ദ്വങ്ങളായി ക്രമീകരിച്ചിരിക്കുന്നു.

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

വിപരീതദ്വന്ദ്വങ്ങളിൽ വെളിച്ചം/ഇരുട്ട്, പകൽ/രാത്രി, ഉയർച്ച/താഴ്ച്ച, വലത്/ഇടത് ,ആൺ/പെൺ, വെളുപ്പ്/കറുപ്പ് എന്നിവ ഉൾപ്പെടുന്നു. പാശ്ചാത്യ തത്ത്വമീമാംസയിൽ, ആദ്യ പദം (സ്ലാഷിന്റെ ഇടതുവശത്തുള്ള ഒന്ന്) രണ്ടാമത്തെ പദത്തെക്കാൾ (വലതുവശത്തുള്ളത്) വിലമതിക്കപ്പെടുന്നു. അവിടെയാണ് രസം തുടങ്ങുന്നത്. ഏത് പദം എവിടെ ആയിരിക്കണം എന്നതിനെക്കുറിച്ച് നമുക്ക് ചില തീർപ്പുകളുണ്ട്. തിന്മയെക്കാൾ നല്ലത് നന്മയാണെന്നത് വ്യക്തമാണ്, എന്നാൽ എന്തുകൊണ്ടാണ് സ്ത്രീയേക്കാൾ പുരുഷൻ മികച്ചത്, അല്ലെങ്കിൽ 'കറുത്തതിനേക്കാൾ' 'വെളുപ്പ്' മികച്ചത് എന്നതാണ് ചോദ്യം. അതാണ് അപനിർമ്മാണം ചോദിക്കുന്നത്. പാശ്ചാത്യ ചിന്തകൾ പ്രധാനമായും ഈ ദ്വന്ദ്വ എതിർപ്പുകളുടെ അടിസ്ഥാനത്തിൽ എങ്ങനെയാണ് രൂപപ്പെടുത്തിയിരിക്കുന്നത്? ആദ്യ പദത്തിന് രണ്ടാമത്തേതിനെക്കാൾ മൂല്യം ലഭിക്കുന്നത് എങ്ങനെയാണ്? .വിപരീത ദ്വന്ദ്വങ്ങളെ നമ്മൾ വേർതിരിക്കുകയാണെങ്കിൽ പാശ്ചാത്യ ചിന്തയുടെ ഘടനയ്ക്ക് എന്ത് സംഭവിക്കും? അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതിയായ ഓഫ് ഗ്രാമറ്റോളജിയിൽ വിപരീത ദ്വന്ദ്വങ്ങളായ 'സംസാരം/എഴുത്ത് എന്നതിലേക്ക് നോക്കുന്നു. പാശ്ചാത്യ തത്ത്വചിന്തയിൽ, ഭാഷണം എല്ലായ്പ്പോഴും പ്രാഥമികമോ യഥാർത്ഥമോ ആയി കണക്കാക്കപ്പെടുന്നു, അതേസമയം എഴുത്ത് ഭാഷണത്തിന്റെ ഒരു പകർത്തൽ അല്ലെങ്കിൽ അതിന്റെ പകർപ്പ് മാത്രമാണെന്ന് അദ്ദേഹം വാദിക്കുന്നു. ഭാഷണം സാന്നിധ്യവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഭാഷണത്തിന് എഴുത്തിനേക്കാൾ പദവി ലഭിക്കുന്നുണ്ടെന്ന് ദെറിദ പറയുന്നു . സംസാരിക്കുന്ന ഭാഷ ഉണ്ടാകണമെങ്കിൽ ആരെങ്കിലും അവിടെ ഉണ്ടായിരിക്കുകയും സംസാരിക്കുകയും വേണം. സംസാരിക്കുന്ന വാക്ക് സംസാരിക്കുന്ന ഒരു വ്യക്തിയുടെ നിലനിൽപ്പ് ഉറപ്പ് നൽകുന്നു. അതേസമയ എഴുതിയ വാക്ക് അത് എഴുതിയ വ്യക്തിയെ ചൂണ്ടിക്കാണിക്കുന്നുമില്ല.

വിപരീതദ്വന്ദ്വമായ ഭാഷണം/എഴുത്ത് മറ്റൊരു വിപരീത ദ്വന്ദ്വമായ സാന്നിധ്യം/അസാന്നിദ്ധ്യം എന്നിവയുമായി പരസ്പരബന്ധം പുലർത്തുന്നു. പറയുന്നതിന്റെ ഉത്ഭവമെന്ന നിലയിൽ സ്വത്വം, ഭാഷകൻ അഥവാ വക്താവ് എന്ന ആശയത്തിലേക്ക് വിരൽ ചൂണ്ടുന്നു, അതേസമയം അത് എഴുതിയത് ആരാണെന്ന് എഴുതണമെന്നില്ല. എഴുത്തിന്റെയും അഭാവത്തിന്റെയും മേൽ

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

ഭാഷണത്തിന്റെയും സാന്നിധ്യത്തിന്റെയും പ്രത്യേകാവകാശം ദെറിദയുടെ കാഴ്ചപ്പാടിൽ ലോഗോസെൻട്രിസത്തിന്റെ ഒരു ഉദാഹരണമാണ്. അതാണ് പാശ്ചാത്യ തത്ത്വമീമാംസയുടെയും തന്മൂലം മാനവതാവാദത്തിന്റെയും കാതലായിത്തീർന്നത്.ഉല്പത്തി പുസ്തകത്തിലെ ഈ വാക്കുകളെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കുക. 'ദൈവം പറഞ്ഞു, ''വെളിച്ചമുണ്ടാകട്ടെ'', വെളിച്ചം ഉണ്ടായി. ആ പ്രസ്താവന ഒരു ദൈവമുണ്ടെന്നും (പ്രവർത്തിക്കുന്ന കാര്യം സംസാരിക്കുന്ന) ദൈവം സന്നിഹിതമാണെന്നും സാന്നിധ്യം ഉണ്ടെന്നും ഉറപ്പുനൽകുന്നു (കാരണം ഭാഷണം = സാന്നിധ്യം). സന്നിഹിത ദൈവം എല്ലാറ്റിന്റെയും ഉത്ഭവമാണ്, കാരണം ദൈവം പറയുന്നതിലൂടെ ലോകത്തെ സൃഷ്ടിക്കുന്നു. ദൈവം സൃഷ്ടിക്കുന്നത് വെളിച്ചം/ഇരുട്ടിൽ തുടങ്ങി വിപരീത ദ്വന്ദ്വങ്ങളാണ് . ഈ വ്യവസ്ഥിതിയിൽ വിപരീത ദ്വന്ദ്വങ്ങളുടെ ഘടനയുടെ കേന്ദ്രവും സ്രഷ്ടാവുമാണ് ദൈവം. അതിനുള്ളിൽ നിലനിൽക്കുന്നതെല്ലാം സ്ലാഷിന്റെ (/) ഒരു വശത്ത് അല്ലെങ്കിൽ മറുവശത്ത് സ്ഥാനം പിടിക്കുന്നു.

വിപരീത ദ്വന്ദ്വങ്ങളുടെ ഒരു പട്ടികയെപ്പറ്റി വീണ്ടും ചിന്തിക്കുക, ഇത്തവണ ദാർശനിക ആശയങ്ങൾ മനസ്സിൽ വയ്ക്കുക. ഉണ്മ/ ശൂന്യത, യുക്തി/ഭ്രാന്ത്, വാക്ക്/നിശബ്ദത, സംസ്കാരം/പ്രകൃതി, മനസ്സ്/ശരീരം, സ്വത്വം/ അപരം എന്നിങ്ങനെ. ഓരോ സംജ്ഞയ്ക്കും അർത്ഥമുണ്ട് - സൊസ്യൂറിന്റെ മൂല്യം - അപരത്തെ പരാമർശിച്ച്, മറ്റൊന്ന് അല്ലാത്തത്. ശൂന്യതയല്ലാത്തതാണ് ഉണ്മ, ഭ്രാന്തല്ലാത്തത് യുക്തിയാണ്, വാക്ക് എന്നത് നിശബ്ദത അല്ല മുതലായവ. വിപരീതദ്വന്ദ്വങ്ങൾ അവയുടെ എതിർപ്പിൽ അവിഭാജ്യമാണ്, കാരണം സ്ലാഷിന്റെ ഒരു വശത്തുള്ള സംജ്ഞയുടെ അർത്ഥം സ്ലാഷിന്റെ മറുവശത്ത് ഉള്ളതിന്റെ നിഷേധം മാത്രമാണ്. പാശ്ചാത്യതത്ത്വചിന്ത അസാന്നിധ്യത്തേക്കാൾ സാന്നിധ്യത്തെ അനുകൂലിക്കുന്നതിനാൽ, ഭാഷണം എഴുത്തിനേക്കാൾ പ്രിയങ്കരമാണ്, ഫ്രോയിഡിനൊപ്പം നമ്മൾ കാണുന്നത് പോലെ, പൗരുഷം സ്ത്രൈണതയെക്കാൾ പ്രിയങ്കരമാണ്, കാരണം പുരുഷ ലിംഗത്തെ സാന്നിധ്യമായി നിർവചിച്ചിരിക്കുന്നു, അതേസമയം സ്ത്രീ ലിംഗത്തെ അഭാവമായി നിർവചിക്കുന്നു.

വിപരീതദ്വന്ദ്വത്തിന്റെ ഘടന, ദ്വന്ദ്വത്തിന്റെ ഒരു വശത്തിന് മറുവശവുമായി, അതിന്റെ വിപരീതവുമായി ബന്ധപ്പെട്ട് മാത്രമേ അർത്ഥമുള്ളൂ എന്ന വസ്തുത അർത്ഥമാക്കുന്നത്, എല്ലാ സിസ്റ്റവും ഒരു കേന്ദ്രം സ്ഥാപിക്കുന്നു, അതിൽ

നിന്നാണ് മുഴുവൻ വ്യവസ്ഥയും വരുന്നത്, അത് വ്യവസ്ഥയെ നിയന്ത്രിക്കുന്നു എന്നാണ്. ഓരോ വിപരീത ദ്വന്ദ്വവും സ്ലാഷിന്റെ ശരിയായ ഭാഗത്ത് നിലനിർത്തിക്കൊണ്ട് കേന്ദ്രം മുഴുവൻ ഘടനയും നിലനിർത്തുന്നു. പാശ്ചാത്യതത്ത്വചിന്തയിൽ വിവിധ അതിഭൗതികവ്യവസ്ഥകളുടെ കേന്ദ്രങ്ങളായി വർത്തിക്കുന്ന സംജ്ഞകളുടെ ഒരു വലിയ ശേഖരംതന്നെ ഉണ്ട്. ഉണ്മ, സത്ത, പദാർത്ഥം, സത്യം, രൂപം, ബോധം, മനുഷ്യൻ, ദൈവം, അബോധം എന്നിവ ഉദാഹരണം. ഒരു കേന്ദ്രത്തെ നിയമിക്കുന്ന ഈ സംജ്ഞകൾ ഓരോന്നും രണ്ട് ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നുവെന്ന് ദെറിദ നമ്മോട് പറയുന്നു. ഇത് വ്യവസ്ഥ സൃഷ്ടിച്ചതിന് അംഗീകാരം നൽകിയിട്ടുള്ള കാര്യമാണ്. അത് ഉത്ഭവിച്ച ശക്തിയും എല്ലാ ഘടകങ്ങളും നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് നൽകുന്നു. അതു പോലെ വ്യവസ്ഥിതിക്കപ്പുറമുള്ള ഒന്ന്, വ്യവസ്ഥയുടെ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നില്ല.

ഘടനയെക്കുറിച്ചുള്ള ദെറിദയുടെ സങ്കൽപ്പത്തിൽ, കേന്ദ്രം എല്ലാ ഘടകങ്ങളെയും അതാതിന്റെ സ്ഥാനത്ത് നിർത്തുന്നു, പരസ്പരം ശരിയായ ബന്ധത്തിൽ, കേന്ദ്രം ഘടനയെ വളരെയധികം ചലിപ്പിക്കാതെ സൂക്ഷിക്കുന്നു. ദെറിദ ഇത്തരത്തിലുള്ള ചലനത്തെ "കളി" എന്ന് വിളിക്കുന്നു. കേന്ദ്രം ഘടനയുടെ കളിയെ പരിമിതപ്പെടുത്തുന്നു, അത് സുസ്ഥിരവും കർക്കശവുമാക്കുന്നു. കെട്ടിടത്തെ ഒരു ഘടനയായി നിങ്ങൾക്ക് ചിന്തിക്കാം. ഒരു കേന്ദ്രമായ തൂണ് കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളെയും നിലകളെയും ഒരുമിച്ച് നിർത്തുന്നു.ഉദാഹരണത്തിന്, ഒരു ചുഴലിക്കാറ്റിലോ പേമാരിയിലോ, ഘടന സമഗ്രമെന്ന നിലയിൽ, അതിന്റെ ഏതെങ്കിലും ഒരു ഭാഗത്തിന് എത്രമാത്രം കോട്ടം വരുത്താൻ കഴിയും എന്നതിനെ പരിമിതപ്പെടുത്തുന്നു. ഒരു കെട്ടിടത്തിൽ, കളിയുടെ അഭാവം നല്ലതാണ്. ഒരു ദാർശനിക വ്യവസ്ഥിതിയിലോ സൂചക സംവിധാനത്തിലോ, അത് നല്ലതല്ലെന്ന് ദെറിദ പറയുന്നു.ഒരു കിന്റർഗാർട്ടൻ ക്ലാസ് റൂമിനെക്കുറിച്ചും നിങ്ങൾക്ക് അങ്ങനെ ചിന്തിക്കാം. അവിടെ അധ്യാപകനാണ് കേന്ദ്രം. അയാൾ അവിടെ ആയിരിക്കുമ്പോൾ, കുട്ടികൾ അച്ചടക്കത്തോടെ പെരുമാറുന്നു . അവർ കേന്ദ്രം (അധ്യാപകൻ /അധ്യാപിക) നിർദ്ദേശിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നു. ടീച്ചർ

മുറിയിൽ നിന്ന് പുറത്തുപോകുമ്പോൾ, കുട്ടികൾ അലസമായി, വന്യമായി കളിക്കുന്നു.

ഭാഷയുൾപ്പെടെയുള്ള എല്ലാ ഘടനകളും സംവിധാനങ്ങളും രണ്ട് ധ്രുവങ്ങൾക്കിടയിലാണ് പ്രവർത്തിക്കുന്നത്. പാശ്ചാത്യസംസ്കാരവും പാശ്ചാത്യതത്ത്വചിന്തയും, സ്ഥിരമല്ലാത്ത വ്യവസ്ഥകളെ അപേക്ഷിച്ച് കർക്കശമായ സംവിധാനങ്ങളെ അനുകൂലിക്കുന്നു, കാരണം അത് അരാജകത്വത്തേക്കാൾ ക്രമത്തെയും പ്രവചനാതീതതയെക്കാൾ പ്രവചനാത്മകതയെയും ചലനത്തെക്കാൾ സ്ഥിരതയെയും അനുകൂലിക്കുന്നു.സന്ദിഗ്ധതയെക്കാളും അർത്ഥത്തിന്റെ ബഹുലതയെക്കാളും മികച്ചത്. പാശ്ചാത്യതത്ത്വചിന്ത സൂചകവൽക്കരണത്തിന്റെ ഒരൊറ്റ ദൃഢബന്ധം ഇഷ്ടപ്പെടുന്നു. ഒരു സൂചകം ഒരു സൂചിതവുമായി ബന്ധിപ്പിച്ചിരിക്കുന്നു . ഭാഷാശാസ്ത്ര സംജ്ഞകളിൽ ഒരു സൂചകത്തിന് ഒന്നിൽ കൂടുതൽ സൂചിതങ്ങളാകാം, അല്ലെങ്കിൽ തിരിച്ചും. ഇത് വളരെ പ്രധാനപ്പെട്ട ഒരു അപവാദമാണ്. ദെറിദയുടെ 'കളി' എന്നത് സാഹിത്യ ഭാഷയെ, പ്രത്യേകിച്ച് കാവ്യാത്മകഭാഷയെ സാധ്യമാക്കുന്നു.കാരണം ഒരൊറ്റ വാക്കിന് ഒന്നിലധികം അർത്ഥങ്ങൾ ഉണ്ടാകും.ഭാഷയെയും ഘടനയെയും കുറിച്ചുള്ള ഈ ആശയങ്ങൾ 'സാഹിത്യത്തിന്' എങ്ങനെ ബാധകമാണ് എന്ന് കാണാൻ തുടങ്ങുന്നത് ഇവിടെയാണ്. ധാരാളം കളികളോടെ, ഭാഷ അയഞ്ഞ രീതിയിൽ പ്രവർത്തിക്കാൻ പ്രവണത കാണിക്കുന്ന പാഠങ്ങളെയാണ് നമ്മൾ 'സാഹിത്യം' എന്ന് വിളിക്കുന്നത്. സാഹിത്യേതരഗ്രന്ഥങ്ങൾ, അതിനു വിപരീതമാ യി, ഉറച്ചതും സ്ഥിരവുമായ അർത്ഥമുള്ള ഭാഷ ഉപയോഗിക്കുന്നു. 'റെഞ്ച്' (wrench ) എന്ന വാക്ക് ഒരു ഉദാഹരണമായിട്ടെടുക്കാം. ഒരു കവിതയിൽ, വാക്കിലെ അർത്ഥത്തിന്റെ അളവുകൾ നിങ്ങൾക്ക് തീരുമാനിക്കാം . എന്നാൽ ഒരു പ്ലംബിംഗ് മാനുവലിൽ, നിങ്ങൾക്ക് അങ്ങനെ ചെയ്യാനാവില്ല. റെഞ്ചിന് കവിതയിൽ വിരഹ ദുഃഖം മുതൽ സന്ധിവേദന വരെയും ഉളുക്കു മുതൽ പിടിച്ചു വലിക്കൽ വരെയും അർത്ഥമായി എടുക്കാം എന്നാൽ പ്ലംബിംഗ് മാനുവലിൽ നട്ടും ബോൾട്ടും മുറുക്കാനുള്ള ഉപകരണമെന്നേ അതിനർത്ഥമുള്ളു.

ഏത് ഘടനയുടെയും ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് കേന്ദ്രമെന്ന് ദെറിദ പറയുന്നു. നിങ്ങൾക്ക് ഒന്നിനും പകരം വയ്ക്കാൻ കഴിയാത്ത ഘട്ടമാണിത്.

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

കേന്ദ്രത്തിൽ, കേന്ദ്രമായ ഘടകം മാത്രമേ ഉണ്ടാകൂ. വ്യവസ്ഥയുടെ മറ്റ് ഘടകങ്ങൾക്കൊന്നും കേന്ദ്രത്തിന്റെ സ്ഥാനം പിടിക്കാൻ കഴിയില്ല. ദൈവം എല്ലാത്തിന്റെയും കേന്ദ്രമാകുന്ന ഒരു വ്യവസ്ഥിതിയിൽ ഒന്നും ദൈവത്തിന് തുല്യമായിരുന്നില്ല . എല്ലാറ്റിനും കാരണമായ ദൈവത്തെ മാറ്റിസ്ഥാപിക്കാൻ ഒന്നിനും കഴിയില്ല. ഒരു സിസ്റ്റത്തിനുള്ളിലെ യൂണിറ്റുകൾ വിനിമയ ബന്ധങ്ങൾ രൂപപ്പെടുത്തുന്നു എന്ന സൊസ്യൂറിന്റെ ആശയത്തിലേക്ക് ഇത് വീണ്ടും വിഷയീകരിക്കുക . ഒരു സിസ്റ്റത്തിന്റെ കേന്ദ്രം തത്തുല്യമായ മൂല്യമില്ലാത്ത ഒന്നാണ്, ഒന്നിനും പകരം വയ്ക്കാനോ അതിനായി കൈമാറ്റം ചെയ്യാനോ കഴിയില്ല, അത് സിസ്റ്റത്തിലെ എല്ലാറ്റിനും കാരണവും ആത്യന്തിക വിഷയവുമാണ്.

കേന്ദ്രം കളി പരിമിതപ്പെടുത്തുന്നു. വസ്തുവിന്റെയോ പ്രമേയത്തിന്റെയോ പൂർണ്ണ സാന്നിധ്യം ഉറപ്പ് നൽകുന്നു. ദെറിദ കേന്ദ്രത്തെ ഒരു 'അതീതമായ സൂചിതം, അർത്ഥത്തിന്റെ ആത്യന്തിക ഉറവിടം' എന്നും വിശേഷിപ്പിക്കുന്നു, അത്, എല്ലാ സൂചകങ്ങളെയും ജോഡിയാക്കുകയും, ഒരു ചിഹ്നത്തിന് എന്തെങ്കിലും പറയാൻ കഴിയുന്ന തരത്തിൽ സൂചകവൽക്കരണ ബന്ധം സൃഷ്ടിക്കുകയും ചെയ്യുന്നു. വ്യവസ്ഥയിലെ മറ്റേതെങ്കിലും ഘടകം ഉപയോഗിച്ച് കേന്ദ്രത്തെ മാറ്റിസ്ഥാപിക്കാൻ കഴിയാത്തതിനാൽ, കേന്ദ്രത്തെ മറ്റൊന്നിനാലും പ്രതിനിധീകരിക്കാൻ കഴിയില്ല - ഒരു പ്രത്യേക സൂചകം ഉപയോഗിച്ച് ഇത് ജോഡിയാക്കാൻ കഴിയില്ല. ദൈവത്തെ ഒരു കേന്ദ്രത്തിന്റെ ഉദാഹരണമായി നിങ്ങൾ വീണ്ടും ചിന്തിച്ചേക്കാം, ചില മതങ്ങളിൽ ദൈവത്തെ ചിത്രങ്ങളിലോ വാക്കുകളിലോ പ്രതിനിധീകരിക്കാൻ കഴിയില്ല. ഇക്കാരണത്താൽ, കേന്ദ്രം ഏതൊരു സംവിധാനത്തിന്റെയും വിചിത്രമായ ഭാഗമാണെന്ന് ദെറിദ പറയുന്നു. ഇത് ഘടനയുടെ ഭാഗമാണ്, പക്ഷേ അതിന്റെ ഭാഗമല്ല, കാരണം അത് സൃഷ്ടിക്കുന്നതും നിയന്ത്രിക്കുന്നതുമായ ഘടകമാണ്. ദെറിദ പറയുന്നതുപോലെ, ഘടനയുടെ ഭാഗമാണ് കേന്ദ്രം, അത് ഘടനാപരതയിൽ നിന്നും രക്ഷപ്പെടുന്നു. പ്യൂരിറ്റൻ ഉദാഹരണത്തിൽ, ദൈവം ലോകത്തെ സൃഷ്ടിക്കുകയും അതിനെ ഭരിക്കുകയും ചെയ്യുന്നു. ദൈവം സൃഷ്ടിക്ക് ഉത്തരവാദിയാണ്, എന്നാൽ അതിന്റെ ഭാഗമല്ല. കേന്ദ്രവും അങ്ങനെത്തന്നെ. വിരോധാഭാസപരമെന്നു പറയട്ടെ, ഘടനയ്ക്കകത്തും പുറത്തും കേന്ദ്രം കേന്ദ്രമാണ്, എന്നാൽ ദെറിദ വിളിക്കുന്ന 'സമഗ്രത'യുടെ

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

ഭാഗമല്ല . അതുകൊണ്ട് കേന്ദ്രം കേന്ദ്രമല്ല. കേന്ദ്രീകൃത ഘടന എന്ന ആശയം, ദെറിദയുടെ അഭിപ്രായത്തിൽ, 'വൈരുദ്ധ്യാത്മകമായി യോജിച്ചതാണ്.'

1966-ൽ ജോൺസ് ഹോപ്കിൻസ് യൂണിവേഴ്സിറ്റിയിൽ സ്ട്രക്ചറലിസത്തെക്കുറിച്ചുള്ള ഒരു കോൺഫറൻസിൽ വായിച്ച 'സ്ട്രക്ചർ, സൈൻ ആൻഡ് പ്ലേ ഇൻ ദി ഡിസ്കോഴ്സ് ഓഫ് ഹ്യൂമൻ സയൻസസ്' എന്ന ഉപന്യാസത്തിൽ, ഒരുപക്ഷേ, 'സംഭവം' അല്ലെങ്കിൽ 'വിള്ളൽ' സംഭവിച്ചിട്ടുണ്ടെന്ന് ദെറിദ പ്രഖ്യാപിക്കുന്നു. അദ്ദേഹം പരാമർശിക്കുന്ന വിള്ളൽ പാശ്ചാത്യ തത്ത്വചിന്തയുടെ അടിസ്ഥാന ഘടനയിലെ ഒരു പ്രധാന മാറ്റമായി അദ്ദേഹം കാണുന്നു.ഘടനാവാദം തത്ത്വചിന്തയെ സ്വയം വ്യത്യസ്തമായി ചിന്തിക്കാൻ പ്രാപ്തമാക്കിയ നിമിഷമാണ് ഈ ഇടവേള. ഘടനാവാദത്തോടെ, ഘടനയുടെ ഘടനയെക്കുറിച്ച് ചിന്തിക്കാൻ സാധിച്ചു.

ഒരു മുറിയിൽ ആയിരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് ഒരു ഉദാഹരണമായിട്ടെടുക്കാം. ആദ്യം, ആ മുറി എങ്ങനെ അലങ്കരിക്കാമെന്ന് നിങ്ങൾ ചിന്തിക്കുന്നു, ഭിത്തികളിൽ ഒട്ടിക്കാൻ പറ്റിയ പോസ്റ്ററുകൾ ഏതാണ്, കട്ടിൽ എവിടെ ഇടണം തുടങ്ങിയവ. പിന്നെ ഒരു ദിവസം നിങ്ങളുടെ മുറിയെ നിങ്ങളുടെ മുറിയല്ല, മറിച്ച് ഒരു കെട്ടിടത്തിന്റെ മുഴുവൻ മുറിയായി, ഒരു ഘടനയുടെ ഭാഗമായി ചിന്തിച്ചേക്കാം. അപ്പോൾ നിങ്ങളുടെ മുറിയുടെ 'മുറി'യെക്കുറിച്ചും അതിനെ ഒരു മുറിയാക്കുന്ന ഗുണങ്ങളെക്കുറിച്ചും അതേ കെട്ടിടത്തിലെ മറ്റ് മുറികളുമായി അത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചും നിങ്ങൾ ചിന്തിച്ചേക്കാം, നിങ്ങളുടെ മുറി നിങ്ങളുടെ മുറിയാണെന്ന് നിങ്ങൾ മനസ്സിലാക്കിയേക്കാം. നിങ്ങൾ നൽകിയ പ്രത്യേക അലങ്കാരങ്ങൾ കൊണ്ടല്ല. പക്ഷെ അത് തൊട്ടടുത്ത മുറി അല്ലാത്തതിനാലാണ്. നിങ്ങളുടെ മുറിയുടെ മുറിയെക്കുറിച്ച് നിങ്ങൾ ചിന്തിക്കാൻ തുടങ്ങുന്ന നിമിഷം ദെറിദ സംസാരിക്കുന്ന 'സംഭവം' അല്ലെങ്കിൽ വിള്ളൽ ആരംഭിക്കുന്നു. തത്ത്വചിന്തകർക്ക് അവരുടെ ദാർശനിക വ്യവസ്ഥകളെ കേവലസത്യമായല്ല, മറിച്ച് വ്യവസ്ഥകളും ഘടകങ്ങളും ഘടനകളും ആയി കാണാൻ കഴിഞ്ഞ നിമിഷം. ഈ സംഭവത്തിനോ വിള്ളലിനോ മുമ്പ്, ദെറിദയുടെ അഭിപ്രായത്തിൽ, പാശ്ചാത്യ തത്ത്വചിന്തയുടെ ചരിത്രം ഒരു കേന്ദ്രീകൃത വ്യവസ്ഥയെ മറ്റൊരു കേന്ദ്രീകൃത വ്യവസ്ഥയുടെ തുടർച്ചയായി, പകരമായി കരുതിയിരുന്നു, കാരണം യുക്തിസഹമായ മനുഷ്യ

മനസ്സ് ദൈവത്തെ മാറ്റിസ്ഥാപിച്ചു, തുടർന്ന് അബോധം യുക്തിസഹമായ മനസ്സിനെ മാറ്റിസ്ഥാപിച്ചു. കേന്ദ്രം "സത്യം" മാത്രമല്ല, ഒരു നിർമ്മിതിയാണെന്ന് കാണാനും വ്യവസ്ഥയിൽ പൂർണ്ണ സാന്നിധ്യം നൽകുന്നതിൽ കേന്ദ്രത്തിന്റെ പ്രവർത്തനം മനസ്സിലാക്കാനും ഘടനാവാദം അവസരമൊരുക്കി.

പാശ്ചാത്യതത്ത്വചിന്തകൾ എല്ലായ്പ്പോഴും ഒരു കേന്ദ്രീകൃത സംവിധാനത്തെ ഉപയോഗപ്പെടുത്തുന്നു, ഒരു കേന്ദ്രത്തെ മറ്റൊന്നിനായി മാറ്റിസ്ഥാപിക്കുന്നു, ഒരു പുതിയ കേന്ദ്രവുമായി ഒരു പുതിയ സംവിധാനം സൃഷ്ടിക്കാതെ നമുക്ക് എങ്ങനെ വ്യവസ്ഥകളെയും കേന്ദ്രങ്ങളെയുംക്കുറിച്ച് ചിന്തിക്കാനും സംസാരിക്കാനും കഴിയുമെന്ന് ദെറിദ ആശ്ചര്യപ്പെടുന്നു. നീഷെ, ഫ്രോയിഡ്, ഹൈഡെഗർ എന്നിവരെ കേന്ദ്രരഹിതമായ സംവിധാനങ്ങൾ കെട്ടിപ്പടുക്കാൻ ശ്രമിച്ച ചിന്തകരുടെ ഉദാഹരണങ്ങളായി അദ്ദേഹം പരാമർശിക്കുന്നു, പക്ഷേ അവർ പരാജയപ്പെട്ടു, കൂടാതെ വ്യവസ്ഥയ്ക്ക് പുറത്ത് സംസാരിക്കുന്നത് അസാധ്യമാണെന്ന് അദ്ദേഹം നിഗമനം ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആ വ്യവസ്ഥയുടെ നിബന്ധനകൾ ഉപയോഗിക്കാതെ നിങ്ങൾക്ക് ഒരു ചിന്താ സമ്പ്രദായത്തെക്കുറിച്ചും സംസാരിക്കാൻ കഴിയില്ല.പാഠത്തിന് 'പുറത്ത്' ഒന്നും ഇല്ല. ചിഹ്നം എന്ന ആശയത്തെക്കുറിച്ച് ചിന്തിക്കുന്നതാണ് അദ്ദേഹത്തിന്റെ ഉദാഹരണം. എല്ലാ ചിഹ്നങ്ങളും തുല്യമാണ്, ഒരു അർദ്ധസൂചക വ്യവസ്ഥയെ ഒന്നിച്ചുനിർത്തുന്ന ഒരു അതീന്ദ്രിയ സൂചനയും ഇല്ല, സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്ക് കേന്ദ്രങ്ങളില്ല, അതിനാൽ എല്ലാ ചിഹ്നങ്ങൾക്കും അനന്തമായ കളിയോ അനന്തമായ അർത്ഥ ശ്രേണികളോ ഉണ്ടെന്ന് നിങ്ങൾ എന്തെങ്കിലും പറയാൻ ശ്രമിക്കുമ്പോൾ തന്നെ മനസ്സിലാകും. നിങ്ങൾക്ക് ചിഹ്നങ്ങളെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിയുന്ന ഒരേയൊരു മാർഗ്ഗം 'ചിഹ്നം' എന്ന വാക്ക് ഉപയോഗിക്കുകയും അതിന് ചില ദൃഢവും സുസ്ഥിരവുമായ അർത്ഥമുണ്ടെന്ന് അനുമാനിക്കുകയും ചെയ്യുക എന്നതാണ്.അപനിർമ്മാണം നമുക്ക് ചിന്തയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സമൂലമായ കാഴ്ചപ്പാട് നൽകുന്നു. നമ്മുടെ മാനസിക ജീവിതം സങ്കൽപ്പനങ്ങളുടേതല്ല, മറിച്ച് ക്ഷണികവും തുടർച്ചയായി മാറിക്കൊണ്ടിരിക്കുന്നതുമായ സൂചനകളുടേതാണ്. ഈ സൂചകങ്ങൾ സുസ്ഥിരമായ ആശയങ്ങളാണെന്ന് തോന്നാം.അവ സംസാരിക്കുന്നത് കേൾക്കുമ്പോഴോ എഴുതിയിരിക്കുന്നത് കാണുമ്പോഴോ അവ വേണ്ടത്ര

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

സ്ഥിരതയുള്ളതായി കാണപ്പെടും. എന്നാൽ അവ നമ്മുടെ മനസ്സിൽ സ്ഥിരതയുള്ള രീതിയിൽ പ്രവർത്തിക്കുന്നില്ല. നമ്മൾ നേരത്തെ കണ്ടതുപോലെ, ഓരോ സൂചകവും അർത്ഥത്തിന്റെ ഒരിക്കലും അവസാനിക്കാത്ത മാറ്റിവയ്ക്കൽ അല്ലെങ്കിൽ വ്യതിരേകം എന്നിവയിൽ കൂടുതൽ സൂചകങ്ങൾ ഉൾക്കൊള്ളുകയും ഉത്പാദിപ്പിക്കുകയും ചെയ്യുന്നു.അർത്ഥം എന്നത് നമുക്ക് കണ്ടെത്തുന്നതിനോ നിഷ്ക്രിയമായി ഉപഭോഗം ചെയ്യുന്നതിനോ പാഠത്തിൽ വസിക്കുന്ന ഒരു സ്ഥിരമായ ഘടകമല്ല, വായനക്കാരൻ വായനയുടെ പ്രവർത്തനത്തിൽ അർത്ഥം സൃഷ്ടിക്കുന്നു. ഒരു വ്യാഖ്യാനത്തിനും അവസാന വാക്ക് ഇല്ല. കൂടുതൽ കൃത്യമായി പറഞ്ഞാൽ, വായനക്കാരന്റെ വാഹനത്തിലൂടെയുള്ള ഭാഷയുടെ കളിയാണ് അർത്ഥം നിർമ്മിക്കുന്നത്, തുടർന്ന് നിങ്ങൾ പുനർനിർമ്മിക്കാൻ ശ്രമിക്കുന്ന സംവിധാനത്തിലേക്ക് നിങ്ങൾ തിരിച്ചെത്തുന്നു. ദെറിദയുടെ കൃതികളും മറ്റ് പോസ്റ്റ്സ്ട്രക്ചറലിസ്റ്റ് ചിന്തകരെയും വായിക്കാനും മനസ്സിലാക്കാനും ബുദ്ധിമുട്ടാണ് എന്നു വരാനുള്ള കാരണമതാണ്. അർത്ഥം അസ്ഥിരമാണെന്ന് വായനക്കാരെ നിരന്തരം ഓർമ്മപ്പെടുത്തുന്ന വിധത്തിൽ എഴുതാൻ അവർ ശ്രമിക്കുന്നു. അത് പാഠം സാധ്യമാക്കുന്ന നിർമ്മിത സംവിധാനങ്ങളെക്കുറിച്ച് നമ്മളെ ബോധവാന്മാരാക്കുന്നു.

അപ്പോൾ എന്താണ് യഥാർത്ഥത്തിൽ അപനിർമ്മാണം? ഇത് വായനയ്ക്കുള്ള ഒരു തന്ത്രമാണെന്ന് ദെറിദ പറഞ്ഞത് സത്യമാണോ? സാഹിത്യം വായിക്കുന്നതുമായി ദാർശനിക വ്യവസ്ഥകൾക്കും കേന്ദ്രങ്ങൾക്കും ഇവയ്ക്കെല്ലാം എന്ത് ബന്ധമുണ്ട്? സാഹിത്യ സൈദ്ധാന്തിക ബാർബറ ജോൺസന്റെ അഭിപ്രായത്തിൽ, അപനിർമ്മാണം അർത്ഥമാക്കുന്നത് യുദ്ധം ചെയ്യുന്ന ശക്തികളെ ശ്രദ്ധാപൂർവ്വം കളിയാക്കലാണ്. പാഠം ഉപയോഗിച്ച് തന്നെ, ഒരു പാഠത്തിന്റെ നിർണായക വ്യത്യാസത്തിന്റെ പ്രത്യേകതയെ അപനിർമ്മാണ വായന വിശകലനം ചെയ്യുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അപനിർമ്മാണം ഒരു പാഠം അതിന്റെ സ്വന്തം കേന്ദ്രം എവിടെയാണ് സ്ഥാപിക്കുന്നത്, അത് എങ്ങനെ സ്വന്തം 'സത്യം', അർത്ഥം എന്നിവ നിർമ്മിക്കുന്നു എന്നറിയാൻ വായിക്കുന്നു. ദെറിദയുടെ വിള്ളലിന് മുമ്പുള്ള എല്ലാ പാശ്ചാത്യ തത്ത്വചിന്തകളും പോലെ, ഓരോ പാഠവും അതിന്റെ സ്വന്തം ലോകം സൃഷ്ടിക്കുന്നു, ഒരു ദാർശനിക വ്യവസ്ഥിതി പോലെ. ചില

ആശയങ്ങൾ അല്ലെങ്കിൽ സങ്കല്പനങ്ങൾ ഒരു മുഴുവൻ ഘടനയെയും ഒരുമിച്ച് നിർത്തുന്നതിനുള്ള കേന്ദ്രമായി വർത്തിക്കുന്നു. അപനിർമ്മാണത്തിന്റെ അടിസ്ഥാന ആശയം, ആ കേന്ദ്രം കണ്ടെത്തി നിങ്ങൾ അത് എടുത്തുകളഞ്ഞാൽ ഘടനയ്ക്ക് എന്ത് സംഭവിക്കുമെന്ന് കാണുക എന്നതാണ്. കളി പരിമിതപ്പെടുത്തുക, നല്ലതും തിന്മയും പോലുള്ള ആശയങ്ങൾ പരസ്പരം ദൃഢമായ ബന്ധത്തിൽ നിലനിർത്തുക എന്നതാണ് കേന്ദ്രത്തിന്റെ പ്രവർത്തനം. അങ്ങനെ ഓരോന്നും എന്താണെന്നും അത് സ്ലാഷിന്റെ ഏത് വശത്തായിരിക്കണമെന്നും നമുക്കറിയാം. അപനിർമ്മാണം എന്നത് വായനയുടെ ഒരു മാർഗമാണ്, ഘടന ഇളകിപ്പോകുന്ന സ്ഥലങ്ങൾ തിരയുന്നു, അവിടെ കൂടുതൽ അർത്ഥത്തിന്റെ അവ്യക്തത സംഭവിക്കുന്നു, വിപരീത ദ്വന്ദ്വങ്ങൾ സ്ലാഷിന്റെ ശരിയായ ഭാഗത്ത് വൃത്തിയായി നിലനിൽക്കാത്തിടത്ത് അർത്ഥങ്ങൾ ഉണ്ടാകുന്നു.

ക്ലോദ് ലെവി -സ്ട്രോസിന്റെ ദ എലിമെന്ററി സ്ട്രക്ചേഴ്സ് ഓഫ് കിൻഷിപ്പ് എന്ന ഗ്രന്ഥത്തെ വായിക്കുന്ന 'സ്ട്രക്ചർ, സൈൻ ആൻഡ് പ്ലേ' എന്ന പുസ്തകത്തിൽ ദെറിദ തന്റെ അപനിർമ്മാണത്തിന്റെ ആദ്യ കണ്ടുപിടിത്തം വിവരിക്കുന്നു. ഈ പുസ്തകത്തിൽ ലെവി-സ്ട്രോസ് മിത്തിന്റെ, സംസ്കാരത്തിന്റെ എല്ലാ വശങ്ങളുടെയും അടിസ്ഥാന ഘടന പറയുന്നു. വിപരീത ദ്വന്ദ്വങ്ങൾ അല്ലെങ്കിൽ വിപരീതങ്ങൾ, അത് എല്ലായ്പ്പോഴും പരസ്പരം നിഷേധാത്മകമായിരിക്കണം. 'പ്രകൃതി/സംസ്കാരം' എന്ന യുഗ്മത്തെ നോക്കുമ്പോൾ, പ്രകൃതി എന്നത് സാർവത്രികമാണെന്നും 'സംസ്കാരം' എന്നത് ഒരു പ്രത്യേക സാമൂഹിക സംഘടനയുടെ മാനദണ്ഡങ്ങളാൽ നിർണ്ണയിക്കപ്പെടുന്നതാണെന്നും ലെവി-സ്ട്രോസ് വാദിക്കുന്നു. അദ്ദേഹത്തിന്റെ ഘടനയുടെ വ്യാകരണത്തെ പിന്തുടർന്ന്, 'പ്രകൃതി' എല്ലായ്പ്പോഴും 'സാർവത്രികവും' 'സംസ്കാര ത്തിനു തികച്ചും വിപരീതവും, ' സവിശേഷ' വുമായിരിക്കണം. ഒരു അപനിർമ്മാണ വായനയുടെ അടിസ്ഥാന ആശയത്തെ ചിത്രീകരിക്കുന്ന 'ഒരു അഴിമതി' എന്ന് അദ്ദേഹം വിളിക്കുന്നതിനെ ഇവിടെ ദെറിദ വെളിപ്പെടുത്തുന്നു. 'പ്രകൃതി', 'സംസ്കാരം' എന്നീ പദങ്ങൾക്ക് അർത്ഥമുള്ള ഒരു സംവിധാനം ലെവി-സ്ട്രോസ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും, അവ വിപരീതങ്ങളായതിനാൽ, സ്ലാഷിന്റെ രണ്ട് വശങ്ങളിലുമാണ്. അദ്ദേഹത്തിന്റെ പാഠം അഗമ്യഗമന

നിരോധനത്തെക്കുറിച്ചും ചർച്ച ചെയ്യുന്നു. ആർക്ക് ആരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടാം എന്ന് നിയമം പറയുന്നു. അഗമ്യഗമന നിരോധനം സാർവത്രികമാണ്, എല്ലാ സംസ്കാരത്തിലും അതുണ്ട്. ഓരോ സംസ്കാരവും അതിന്റേതായ രീതിയിൽ ലൈംഗികതയ്ക്കുള്ള നിയമങ്ങൾ തയ്യാറാക്കുന്നു. ഇവിടെ സാർവത്രികവും പ്രത്യേകവുമായ ചിലത് ഉണ്ട്, 'പ്രകൃതിയും' 'സംസ്കാരവും' പോലെ. അത് എങ്ങനെ ആകും? ഈ കണ്ടുപിടിത്തം ലെവി-സ്ട്രോസിന്റെ വ്യവസ്ഥയെ ഇളക്കിമറിക്കുന്നു. രണ്ട് പദങ്ങൾ സ്ലാഷിന്റെ ശരിയായ ഭാഗത്ത് തുടരാൻ വിസമ്മതിക്കുമ്പോൾ, ഘടനയുടെ മുഴുവൻ ക്രമവും തകരുന്നു. വിപരീതദ്വന്ദ്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസ്ഥ ഒരേ സ്ഥിരതയുള്ള ഘടനയുള്ള എല്ലാ ദ്വന്ദ്വങ്ങളെയും ആശ്രയിച്ചിരിക്കുന്നു, നന്മ തിന്മയ്ക്ക് ,വെളിച്ചം ഇരുട്ടിന്, മുകളിലേയ്ക്ക് എന്നതിന് താഴോട്ട്, വലതിന് ഇടത്. ആ ജോഡികളിൽ ഏതെങ്കിലും ഒന്ന് ആരംഭിക്കുകയാണെങ്കിൽ. ചുറ്റും സ്ലൈഡുചെയ്യുക, അതിന്റെ പങ്കാളിയോടുള്ള പൂർണ്ണമായ എതിർപ്പിൽ അതിന്റെ സ്ഥാനം നിരസിക്കുക, തുടർന്ന് എല്ലാ നിബന്ധനകളും വഴുതാൻ തുടങ്ങുന്നു, വളരെ വേഗം മുമ്പത്തെ സ്ഥിരതയുള്ള ഘടന കഷണങ്ങളായി. ഇത് സംഭവിക്കുമ്പോൾ, നിങ്ങൾക്ക് ഒരു സംജ്ഞയെ മറ്റൊന്നിന്റെ വിപരീതമായി നിർവചിക്കാൻ കഴിയില്ല . വെളിച്ചം ഇരുട്ടല്ല - എന്നാൽ വെളിച്ചവും ഇരുട്ടും വിപരീതങ്ങളല്ലെങ്കിൽ, ഈ സംജ്ഞകൾ എന്താണ് അർത്ഥമാക്കുന്നത്? അപനിർമ്മാണം വാദിക്കുന്നത്, എല്ലാ വ്യവസ്ഥകളും, എല്ലാ പാഠങ്ങളും, അവയുടെ ഘടനകൾ ഇളകുന്ന നിമിഷങ്ങളെയോ സ്ഥലങ്ങളെയോ നേരിടേണ്ടതുണ്ടെന്നും, അപ്പോൾ അവയുടെ മുൻ ദൃഢ ഘടകങ്ങൾ എവിടെയാണ് എന്നും ദെറിദ ചോദിക്കുന്നു. ഒരു പാഠത്തിന്റെ നിർണ്ണായകമായ അർത്ഥം തകരുന്ന വ്യവസ്ഥയിൽ അവിടെ വ്യക്തതയ്ക്കും യുക്തിക്കും പകരം ബഹുത്വവും അവ്യക്തതയും കൈവരുന്നു. ഒരു അപനിർമ്മാണ വായന അങ്ങനെ തനിക്കെതിരെയുള്ള ഒരു പാഠം വായിക്കുന്നു. പാഠം സജ്ജീകരിക്കാൻ ശ്രമിക്കുന്ന സ്ഥിരമായ അർത്ഥങ്ങളുടെ വ്യവസ്ഥയിൽ വിടവുകളോ ഇളകുന്ന ഭാഗങ്ങളോ തിരയുന്നു. ഒരു വ്യവസ്ഥയുടെ പൊരുത്തക്കേടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട്, എല്ലാ ഘടകങ്ങളെയും ഒരു നിശ്ചിത സ്ഥാനത്ത് നിലനിർത്തുന്നതിൽ കേന്ദ്രം

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

പരാജയപ്പെടുമ്പോഴോ അല്ലെങ്കിൽ സ്ലാഷ് ലയിച്ച് ദ്വന്ദ്വങ്ങൾ പരസ്പരം തകരാൻ തുടങ്ങുമ്പോഴോ എന്താണ് സംഭവിക്കുന്നതെന്ന് കാണിച്ച് നിങ്ങൾ ഒരു വ്യവസ്ഥയെ അപനിർമ്മിച്ചുകഴിഞ്ഞാൽ, രണ്ട് സാധ്യതകൾ ഉണ്ടെന്ന് ദെറിദ പറയുന്നു. നിങ്ങൾക്ക് മുഴുവൻ ഘടനയും വലിച്ചെറിയുകയും പൊരുത്തക്കേടുകളില്ലാതെ, കളിയില്ലാതെ മറ്റൊന്ന് നിർമ്മിക്കാൻ ശ്രമിക്കുകയും ചെയ്യാം. പക്ഷേ, തീർച്ചയായും, ദെറിദയുടെ അഭിപ്രായത്തിൽ, അത് അസാധ്യമാണ്, അത് ഒരു കേന്ദ്രത്തെ മറ്റൊന്നിന് പകരം വയ്ക്കാൻ ശ്രമിക്കുന്നു.

**വിമർശനങ്ങൾ:**

പക്ഷെ ഈ നിലപാട് കൊണ്ടുള്ള ഒരു പ്രധാന പ്രശ്നം പുനർനിർമ്മിതിയില്ല എന്നതാണ്. കർതൃത്വം എന്ന കേന്ദ്രം ഇല്ലാതാകുമ്പോൾ വംശീയമായ ചിതറലായി വായനകൾ മാറിപ്പോകാം. അതു നിലവിലുള്ള അധീശ വ്യവസ്ഥകൾ നിർദ്ദേശിക്കുന്ന ദ്വന്ദ്വനിർമ്മിതികളെ പുനരാനയിക്കും. സംസ്കാരിക ദ്വന്ദ്വങ്ങളെയും സംസ്കാരത്തെയും ഇല്ലാതാക്കാൻ കഴിയില്ല, പുനർനിർമ്മിക്കാനേ സാധിക്കൂ.ഭാഷണത്തേക്കാൾ എഴുത്തിനു ദറിദ പ്രാമുഖ്യം നൽകുമ്പോൾ, 'കാണുന്നത് സത്യ'മെന്നു പറയുന്ന മുതലാളിത്ത വ്യവസ്ഥയുടെ ന്യായീകരണമായി അതു മാറുന്നു. അർത്ഥം അനന്തമായി നീട്ടി വയ്ക്കുന്നതിനെക്കുറിച്ച് ദറിദ പറയുന്നു എന്നാൽ പട്ടിണി കിടക്കുന്നവർ അർത്ഥം നീട്ടി വയ്ക്കുന്നത് ഇഷ്ടപ്പെടുന്നില്ല എന്നു ടെറി ഈഗിൾട്ടൺ പറയുന്നത് വ്യവസ്ഥയുടെ പുനർനിർമ്മാണത്തിന് സാധ്യതയില്ലാത്ത ഭാഷാ കേളിയെ വിമർശിക്കാനാണ്. (ഈ ആശയം Literary Theory: An Introduction (1983)എന്ന പുസ്തകത്തിൽ കാണാം )അപനിർമ്മാണ സിദ്ധാന്തത്തിന്റെ സ്വന്തം അടിത്തറയായ മുതലാളിത്തത്തെ ഒഴികെ എല്ലാറ്റിനെയും അതു വിമർശിക്കുന്നു എന്നു സിസെക്കും ചൂണ്ടിക്കാട്ടുന്നു.

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

ചുരുക്കത്തിൽ അർത്ഥ നിർമ്മാണം അസാധ്യമാകുന്നതാണ് അപനിർമ്മാണത്തിൽ കാണുന്നത്. അർത്ഥങ്ങളുടെ അനന്ത ലീല കൗതുകവസ്തുവായി മാറുന്നു, അത് മുതലാളിത്ത ദ്വന്ദ്വനിർമ്മിതികളിൽ ചലനങ്ങൾ ഉണ്ടാക്കുന്നില്ല.

**സഹായകഗ്രന്ഥങ്ങൾ**

1 Lois Tyosn ,Critical Theory Today, Routledge, New York, 2006

2 Mary Klages , LiteraryTheory, Bloomsbury , London, 2013

3Terry Eagleton,Literary Theory

An Introduction,Blackwell

Publishing,1996